(സി) റെഗുലേറ്ററി കമ്മീഷന്റെ ആസ്ഥാനമന്ദിരം എവിടെയാണ് ; ഇത് വാടക കെട്ടിടമാണോ ; എങ്കിൽ ഈ കെട്ടിടത്തിന്റെ മാസവാടക എത്രയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) തിരുവനന്തപുരത്ത് വെള്ളയമ്പലം, സി.വി. രാമൻപിള്ള റോഡിൽ കേരള പവർ ഫിനാൻസ് കോർപ്പറേഷൻ നിർമ്മിച്ച കെട്ടിടത്തിൽ പാട്ടത്തിന് (ലീസ്) പ്രതിവർഷം 1 രൂപ വാടകയിൽ പ്രവർത്തിച്ചുവരുന്നു.

വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ സ്ഥിരം നിയമനം നല്കുന്ന ഉദ്യോഗസ്ഥർ

153 (5558) ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എൻ.സി. ലാവ്‌ലിൻ കേസിൽ ഗുരുതരമായ ആരോപണങ്ങൾക്ക് വിധേയനായ മുൻ വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥനും, ഇപ്പോൾ സർവ്വകലാശാലയിൽനിന്നും ഡെപ്യൂട്ടേഷനിൽ വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ ജോലി ചെയ്യുന്നതുമായ ഒരു വ്യക്തിയെ, പ്രസ്തുത കമ്മീഷനിൽ സ്ഥിരമായി നിയമിക്കാൻ പോകുന്നതായി 12-7-2010-ലെ പത്രത്തിൽ വന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, പ്രസ്തുത വ്യക്തി ആരാണ് ; പേരും മറ്റ് വിശദാംശങ്ങളും വെളിപ്പെടുത്തുമോ ;

(സി) ടിയാൻ ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാരനായിരിക്കെ ജോലി രാജിവച്ച് സർവ്വകലാശാലയിൽ എത്താൻ ഉണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 12-7-2010-ൽ മംഗളം ദിനപത്രത്തിൽ ഇത്തരത്തിൽ ഒരു വാർത്ത വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly